**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിറ്റെക്സിൽ നടത്തിയ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ജെ. മാക്സി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ രഹിതരായ യുവാക്കളുടെ പട്ടിക ഉന്നയിച്ച്കൊണ്ട് കിറ്റെക്സ് മാനേജിംഗ് ഡയറക്ടർ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തിയിട്ടുള്ള ആരോപണങ്ങൾ സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അപകീർത്തിപ്പെടുത്തുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേരളത്തിലെ വ്യവസായ മേഖലയിലെ നിലവിലെ സാഹചര്യം തികച്ചും സംരംഭസൗഹൃദമാണ് സാമൂഹ്യ മാധ്യമങ്ങളിലൂടെ വസ്തുതാപരമല്ലാത്ത ചില ആരോപണങ്ങൾ ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ആയത് പ്രത്യേകമായി വിലയിരുത്തിയിട്ടില്ല വ്യവസായ സംരംഭകർക്ക് അനുകൂലമായ രീതിയിൽ സർക്കാർ സ്വീകരിക്കുന്ന വിവിധ നടപടികളെ വ്യവസായികളെ പ്രതിനിധികരിക്കുന്ന വിവിധ സംഘടനകൾ പിന്തുണച്ചിട്ടുണ്ട്. |
| (ബി) | കിറ്റെക്സിൽ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട് മനേജ്മെന്റ് സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; | (ബി) | കിറ്റെക്സിൽ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട് മനേജ്മെന്റ് സർക്കാരിന് പരാതി നൽകിയിട്ടില്ല. |
| (സി) | പരിശോധന നടത്താനിടയായ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | (സി) | കിറ്റെക്സ് കമ്പനിയിൽ ജാർഖണ്ഡ്, ഒറീസ, സ്വദേശികളായ നിരവധി വനിതാ ജീവനക്കാർ നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും, ആയതിനെതിരെ ബഹു. എം. പി. ശ്രീ. ബെന്നി ബഹനാൻ ബഹു. ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ 293/11/3/2020BLM-II നമ്പറായി പരാതി സമർപ്പിക്കുകയും, ടി പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ കുന്നത്തുനാട് തഹസീൽ ദാറിൽ നിന്നും ജില്ലാ ലേബർ ഓഫീസറിൽ നിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടുള്ളതും ആയത് ക്രോഡീകരിച്ച് ബഹു. ദേശീയ മനുഷ്യാവകാശ കമ്മീഷനിലേക്ക് അയച്ചിട്ടുള്ളതുമാണ്. കൂടാതെ വിവിധ പരാതികളിൽ ജില്ലാ ലേബർ ഓഫീസറും, പൊല്യൂഷൻ കൺട്രോൾ ബോർഡും ജില്ലാ ലീഗൽ സെൽ അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | | | നിർദ്ദേശ പ്രകാരം മറ്റ് ചില വകുപ്പുകളും പരിശോധന നടത്തിയിട്ടുണ്ട്. |
| (ഡി) | മുൻ വർഷം നടത്തിയ ആഗോള നിക്ഷേപക സംഗമത്തിൽ കമ്പനി താത്പര്യപത്രം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ഡി) | നൽകിയിരുന്നു. |
| (ഇ) | ആയതു സംബന്ധിച്ച ധാരണ പത്രം ഒപ്പു വയ്ക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അധികൃതരുമായി നടത്തിയ ചർച്ചയിൽ എന്തെല്ലാം ആവശ്യങ്ങളാണ് കമ്പനി മുന്നോട്ടു വച്ചതെന്ന് അറിയിക്കാമോ? | (ഇ) | താത്പര്യപത്രം നൽകിയതിനുശേഷം 2020 മാർച്ചിൽ ഒരു മീറ്റിങ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി ചർച്ചയ്ക്ക് അവർ സന്നദ്ധമായിട്ടില്ല. |

സെക്ഷൻ ഓഫീസർ